Page 1 of 4

12. ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഇരിക്കാൻ അനുവദിക്കാത്ത രീതിയിൽ നിയമം കൊണ്ടുവരണം.

13. ജില്ലാ സഹകരണബാങ്കിലെ ജീവനക്കാർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുനൽകി പ്രമോഷൻ നൽകുന്ന രീതി പുനഃപരിശോധിക്കണം.

14. കമ്പ്യൂട്ടർവൽക്കരണത്തിന് അനുസൃതമായ രീതിയിൽ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണം.

15. ജില്ലാ സഹകരണ ബാങ്കുകളിൽ കോർ-ബാങ്കിംഗ്, എ.റ്റി.എം., ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയവ നടപ്പിലാക്കണം.

16. സഹകരണ ബാങ്കുകളിൽ നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത ഡിഗ്രിയും ജെ.ഡി.സി. അല്ലെങ്കിൽ എച്ച്.ഡി.സി. പാസ്സായിരിക്കണം.

സഹകരണ മേഖലയിലെ നൂതന പദ്ധതികൾ

148 (459) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോ ; പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമായി വായ്പാ മേഖലയിലെ കുടിശ്ശിക കുറയ്ക്കുന്നതിനായി ആശ്വാസ് പദ്ധതി സഹകരണ സംഘങ്ങളുടെ പൊതുവെയുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും അംഗങ്ങളും സംഘങ്ങളുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുമുള്ള 'എന്റെ സംഘം പദ്ധതി.' ആഡിറ്റ് ഒബ്ജക്ഷനുകൾ നിക്കം ചെയ്യുന്നതിനായി 'ഉണർവ് പദ്ധതി' സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നതിനായി 'നിക്ഷേപ സുരക്ഷാ പദ്ധതി' കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ എന്ന സംസ്ഥാന പദ്ധതി, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം എന്നീ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതോടൊപ്പം വായ്പയെടുത്ത് മരണമടയുന്നവരുടെ വായ്പ ബാധ്യത ഏറ്റെടുക്കുന്ന റിസ്ക് ഫണ്ട് പദ്ധതി നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്നും 1.50 ലക്ഷം രൂപയാക്കി ഉയർത്തുകയും മാരകരോഗം പിടിപെട്ട വായ്പക്കാർക്ക് 75,000 രൂപയുടെ ധനസഹായം നൽകുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സഹകരണമേഖലയുടെ പൊതുവായ ഉന്നമനം ലക്ഷ്യമാക്കി, ഏഴാം സഹകരണ കോൺഗ്രസ്സും വിപുലമായ എക്സിബിഷനും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിനും, ആഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിലും സഹകരണസംഘം രജിസ്ട്രാർ തലത്തിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങളും, പദ്ധതികളും ആയത് സംബന്ധിച്ച് സർക്കാർ/രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവുകളും ചുവടെ ചേർക്കുന്നു.

1. ആശ്വാസ് - 2012

   സഹകരണസംഘം രജിസ്ട്രാരുടെ 23-6-2012-ലെ 24/2012 നമ്പർ സർക്കുലർ

2. എന്റെ സംഘം

   സഹകരണസംഘം രജിസ്ട്രാരുടെ 31-3-2012-ലെ 12/2012 നമ്പർ സർക്കുലർ

3. ഉണർവ്-2012

   സഹകരണസംഘം രജിസ്ട്രാരുടെ 5-3-2012-ലെ 09/2012 നമ്പർ സർക്കുലർ

4. റിസ്ക് ഫണ്ട് പദ്ധതി

   ജി.ഒ (കൈ.) 42/2012/സഹ. തീയതി 30-3-2012.

5. കർഷക സേവന കേന്ദ്രങ്ങൾ

   ജി.ഒ(ആർറ്റി.) 44/2013-/സഹ. തീയതി 28-1-2013.

6. നിക്ഷേപ സുരക്ഷ പദ്ധതി

   ജി.ഒ.(പി) 81/2012/സഹ. തീയതി 2-7-2012.

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 4

7. ആഡിറ്റ് കുടിശ്ശിക തീർക്കുന്നതിനും കാലാനുസൃതമാക്കുന്നതിനുമുള്ള പദ്ധതി

സഹകരണസംഘം രജിസ്ട്രാരുടെ 20-2-2013-ലെ 13/2013 നമ്പർ സർക്കുലർ

8. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണസ്ഥാപനങ്ങൾക്കുള്ള ധനസഹായം (സംസ്ഥാന പദ്ധതി)

2013-14 സാമ്പത്തിക വർഷത്തിലെ ഈ പുതിയ പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കി വരുന്നുണ്ട്.

(സി) ഉത്തരവുകൾ നടപ്പിലാക്കി വരുന്നുണ്ട്. പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആശ്വാസ് 2012

കേരളത്തിലെ സഹകരണവായ്പാ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശിക രഹിത വായ്പ സംഘങ്ങൾ എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനും അതുവഴി സാധാരണക്കാരായ വായ്പാ കുടിശ്ശികക്കാർക്ക് ഇളവുകൾ അനുവദിച്ചുകൊണ്ട് ആശ്വാസം നൽകുന്നതിനുമായി നടപ്പിലാക്കിവരുന്ന ഒരു കുടിശ്ശിക നിവാരണ പദ്ധതിയാണ് ആശ്വാസ് 2012. കുടിശ്ശികയിനത്തിൽ 1,99,561.16 ലക്ഷം രൂപ പിരിഞ്ഞുകിട്ടുകയും വായ്പക്കാർക്ക് 5,348.38 ലക്ഷം രൂപയുടെ ഇളവുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എന്റ് സംഘം

സഹകരണ മേഖലയുടെ സമഗ്രവളർച്ചയും കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം സംഘത്തിലെ അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾകൂടി ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉണർവ്വ് 2012

സഹകരണസ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിന്നതുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നിയമാനുസൃതമായി നീക്കം ചെയ്യുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടിയാണ് ഉണർവ് 2012. പ്രസ്തുത പദ്ധതി മുഖേന സഹകരണസംഘങ്ങളിൽ ദീർഘകാലമായി തുടർ നടപടി ഇല്ലാതെ ആഡിറ്റിൽ തടഞ്ഞിരുന്ന 19,184.12 ലക്ഷം രൂപ ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

റിസ്ക് ഫണ്ട് പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം വായ്പയെടുത്ത് മരണമടയുന്നവരുടെ 1.50 ലക്ഷം രൂപവരെയുള്ള വായ്പാ ബാധ്യത എഴുതിത്തള്ളുന്നതിനും ക്യാൻസർ,

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 4

കിഡ്നി, എയ്ഡ്സ് രോഗികൾക്കും, ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും, പരാലിസിസ് ബാധിച്ചവർക്കും ധനസഹായം നൽകുന്നതിനും വായ്പാ ബാധ്യതയിൽ നിന്ന് മുതലിനത്തിൽ 75,000 രൂപയും പലിശയും എഴുതിത്തള്ളുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കർഷക സേവന കേന്ദ്രങ്ങൾ (സംസ്ഥാന പദ്ധതി)

പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് 2012-13 വർഷത്തിൽ 40 സംഘങ്ങളെ തെരഞ്ഞെടുക്കുകയും ആകെ 10 കോടി രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നിക്ഷേപ സുരക്ഷാ പദ്ധതി

സഹകരണ വായ്പാ മേഖലയിലെ നിക്ഷേപ സുരക്ഷാ ഉറപ്പ് വരുത്തുന്നതിനായി ഒരു നിക്ഷേപ സുരക്ഷാ ബോർഡ് രൂപീകരിക്കുകയും 1.50 ലക്ഷം രൂപാവരെയുള്ള നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള പദ്ധതി

സംസ്ഥാനത്തിലെ എല്ലാ സഹകരണസംഘങ്ങളുടെയും ആഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം (സംസ്ഥാന പദ്ധതി)

2013-14 സാമ്പത്തിക വർഷത്തിലെ ഈ നൂതന പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കി വരുന്നുണ്ട്.

2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

149 (460) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിൽ 2012-13 വർഷത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

സഹകരണ വകുപ്പ്

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച് പദ്ധതികളിൽ നന്മ പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണനകേന്ദ്രങ്ങളും പുതുതായി കൂടുതൽ ത്രിവേണി സ്റ്റോറുകളും ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുമെന്നും കൺസ്യൂമർ ഫെഡിന്റെയും മറ്റ് സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ

LIBRARY ARCHIVES Kerala Legislative Assembly